Std. 5 - Chapter 7 - Revision - Main points

# പാഠം 7: മരുഭൂമിയിലൂടെ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ഇസ്രായേൽക്കാടെ സ്വപ്നഭൂമിയായിരുന്നു ഏതായിരുന്നു? | **കാനാൻദേശം** |
| 2 | 1. ഈജിപ്തിൽ നിന്നു പുറപ്പെട്ട ഇസ്രയേൽജനത്തെ രാവും പകലും കർത്താവ് വഴിനടത്തിയത് എങ്ങനെ? | **ഇസ്രയേൽജനത്തിനു രാവും പകലും യാത്ര ചെയ്യാനാവുംവിധം പകൽ വഴി കാട്ടാൻ ഒരു മേഘസ്തംഭത്തിലും രാത്രിയിൽ പ്രകാശം നൽകാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവ് അവർക്കു മുമ്പേ പോയിരുന്നു.** |
| 3 | ഇസ്രായേൽജനം ചെങ്കടൽ കടന്ന് ഷൂർ മരുഭൂമിയിലൂടെ യാത്ര ചെയ്ത് മാറാ എന്ന സ്ഥലത്തെത്തിയപ്പോൾ കയ്പുള്ള വെള്ളം കണ്ടു. എങ്ങിനെയാണ് അത് മധുരമുള്ളതായത്? | **മോശ ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ ദൈവം മോശക്ക് കാണിച്ചുകൊടുത്ത തടിക്കഷണം വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരിച്ചു.** |
| 4 | ഇസ്രായേൽ ജനം സീൻ മരുഭൂമിയിലെത്തിയപ്പോൾ മഞ്ഞുപോലെ വെളുത്തു ലോലമായതും ഇസ്രായേൽ ജനം സീൻ മരുഭൂമിയിലെത്തിയപ്പോൾ മഞ്ഞുപോലെ വെളുത്തു ലോലമായതും കൊമ്പത്താലരിപോലെയിരിക്കുന്നതും തേൻ ചേർത്ത അപ്പത്തിന്റെ രുചിയുള്ളതുമായ ഒരു വസ്തു ഇസ്രായേൽക്കാർക്ക് നൽകി എന്തായിരുന്നു അത്? | **മന്നാ** |
| 5 | 2. ദൈവം ഇസ്രായേൽജനത്തിനു ഭക്ഷണമായി നൽകിയതെന്ത്? | **മന്നായും കാടപക്ഷിയും** |
| 6 | 3. മന്നാ എന്ന വാക്കിന്റെ അർത്ഥമെന്ത്? | **ഇതെന്ത്** |
| 7 | എവിടെവച്ചാണ് ദൈവം പറഞ്ഞതനുസരിച്ച് മോശ പാറമേൽ വടികൊണ്ടടിച്ചപ്പോൾ നീരുറവ പ്രത്യക്ഷപ്പെട്ടത്? | **ഹോറെബിലെ പാറമേൽ** |
| 8 | മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ ഇസ്രായേൽ ജനം മോശയ്ക്കും അഹറോനുമെതിരെ സംസാരിച്ചപ്പോൾ ദൈവം എങ്ങിനെയാണ് അവരെ ശിക്ഷിച്ചത്? | **കർത്താവ് ജനങ്ങളുടെ ഇടയിലേക്ക് സർപ്പങ്ങളെ അയച്ചു. അവയുടെ കടിയേറ്റ് ഒട്ടേറെ ഇസ്രായേൽക്കാർ മരിച്ചു.** |
| 9 | മരുഭൂമിയിലെ സർപ്പദംശനമേൽക്കുന്നവർ രക്ഷപ്പെടുന്നതിനായി എന്തു ചെയ്യണമെന്നാണ് ദൈവം മോശയോട് പറഞ്ഞത്? | **ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല.** |
| 10 | മരുഭൂമിയാത്രയിൽ ദൈവവും മോശയും സംസാരിച്ചിരുന്നത് ഏതു കൂടാരത്തിൽ വച്ചായിരുന്നു.? | **സമാഗമ കൂടാരത്തിൽവച്ച്** |
| 11 | 4. സമാഗമകൂടാരത്തിന്റെ പ്രത്യേകത എന്ത്? | **മരുഭൂമിയിലെ യാത്രയ്ക്കിടയിൽ ദൈവവും മോശയും സംസാരിച്ചിരുന്നത് സമാഗമ കൂടാരത്തിൽവച്ചാണ്. മോശ കൂടാരത്തിൽ പ്രവേശിക്കുമ്പോൾ മേഘസ്തംഭം ഇറങ്ങിവന്ന് കൂടാരവാതിൽക്കൽ നിൽക്കും. അപ്പോൾ കർത്താവ് മോശയോട് സംസാരിക്കും. സ്നേഹിതനെന്നപോലെ കർത്താവ് മോശയോട് മുഖാമുഖം സംസാരിച്ചിരുന്നു.** |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 12 | ഒരു സ്നേഹിതനെന്നപോലെ കർത്താവ് മുഖാമുഖം സംസാരിച്ച വ്യക്തി ആര്? | **മോശ** |
| 13 | കർത്താവിന്റെ സാന്നിദ്ധ്യം ഇസ്രായേൽ ജനത്തിനു നൽകിയത് എങ്ങിനെയായിരുന്നു? | **മോശ സ്ഥാപിച്ച സാക്ഷ്യകൂടാരത്തിനുമുകളിൽ ഒരു മേഘം പ്രത്യക്ഷപ്പെട്ടു. പകൽ മുഴുവൻ മേഘരൂപത്തിലും രാത്രി മുഴുവൻ അഗ്നിരൂപത്തിലും അതു കൂടാരത്തിനു മുകളിൽ സ്ഥിതിചെയ്തു. കർത്താവിന്റെ സാന്നിദ്ധ്യമായി അവർ മേഘത്തെ കണക്കാക്കി.** |
| 14 | 5. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്ക് നൽകുന്ന പാഠമെന്ത്? | **ദൈവം വഴിനടത്തുമ്പോൾ ഒന്നും ഭയപ്പെടേണ്ടതില്ല. മറ്റൊരു കാര്യത്തെക്കുറിച്ചും ആകുലപ്പെടേണ്ടതില്ല. ദൈവത്തോടൊത്തു സഞ്ചരിച്ചാൽ മാത്രം മതി. ഇസ്രായേൽക്കാരുടെ മരുഭൂമി യാത്ര നമുക്ക് നൽകുന്ന പാഠമിതാണ്.** |
| 15 | ഈജിപ്തിൽ നിന്ന് മോചിതരായി കാനാൻ ദേശത്തെ ലക്ഷ്യമാക്കി മരുഭൂമിയിലൂടെ യാത്ര ചെയ്ത തീർത്ഥാടക സമൂഹം ഏതാണ്? | **ഇസ്രായേൽ ജനം** |
| 16 | പാപത്തിന്റെ ബന്ധനങ്ങളില്ലാതെ ഈ ലോകത്തിലൂടെ സഞ്ചരിക്കുന്ന തീർത്ഥാടകസമൂഹം ഏതാണ്? | **സഭയിലെ അംഗങ്ങൾ** |
| 17 | കത്തോലിക്കാ സഭയുടെ ലക്ഷ്യമെന്താണ്? | **വിശ്വാസികളെ സ്വർഗ്ഗത്തിൽ എത്തിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം.** |
| 18 | എങ്ങിനെയാണ് നമുക്ക് നമ്മുടെ ജീവിതലക്ഷ്യമായ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരാൻ സാധിക്കുന്നത്? | കൂടാരത്തിനുമുകളിൽ മേഘമായി ഇസ്രായേൽക്കാരോടൊപ്പം ഉണ്ടായിരുന്ന ദൈവം, ഇന്ന് നമ്മുടെ ജീവിതസാഹചര്യങ്ങളിലും സജീവമായി ഇടപെടുന്നുണ്ട്. നമ്മെ കാണുന്നുണ്ട്. നമ്മുടെ പ്രവൃത്തികൾ അറിയുന്നുണ്ട്. നമ്മെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. നാം അവിടുത്തെ സ്വരം തിരിച്ചറിയുകയും അവിടുന്ന് നിർദ്ദേശിക്കുന്ന പാതയിലൂടെ സഞ്ചരിക്കുകയും ചെയ്താൽ മതി. അപ്പോൾ നമുക്ക് നമ്മുടെ ജീവിതലക്ഷ്യമായ സ്വർഗരാജ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. |
| 19 | പുറപ്പാട് 33:14 എഴുതുക | **ഞാൻ തന്നെ നിന്നോടുകൂടെ വരുകയും നിനക്ക് ആശ്വാസം നൽകുകയും ചെയ്യും.** |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.